**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5530** **13-08-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി. ശ്രീനിജിൻ | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടത്തുന്ന വരുമാനദായക, തൊഴിലധിഷ്ഠിത, സാമൂഹ്യക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായത്തോടെ നടത്തുന്ന വരുമാനദായക, തൊഴിലധിഷ്ഠിത, സാമൂഹ്യക്ഷേമ പദ്ധതികൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | പട്ടികജാതി, പട്ടികഗോത്രങ്ങളിൽപ്പെട്ട വനിതകൾക്കായി സംസ്ഥാന കുടുംബശ്രീ മിഷനുമായി ചേർന്ന് വനിതാ ശാക്തീകരണത്തിന് പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. സംസ്ഥാന കുടുംബശ്രീ മിഷനുമായി സഹകരിച്ച് കൊണ്ട് പട്ടികജാതിയിൽപ്പെട്ട വനിതകളുടെ ഗ്രൂപ്പുകൾക്ക് (അയൽക്കൂട്ടങ്ങൾക്ക്) മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വായ്പ അനുവദിക്കുന്നു. 10 സംരംഭകർവരെ ഉൾപ്പെടുന്ന യൂണിറ്റിന് പ്രത്യേകിച്ച് ജാമ്യമൊന്നുമില്ലാതെ പരമാവധി 5 ലക്ഷം രൂപ വരെ ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് 1,00,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നു. വായ്പയുടെ പലിശ നിരക്ക് 5%വും തിരിച്ചടവ് കാലാവധി 3 വർഷവുമാണ്. അപേക്ഷ കരുടെ കുടുംബ വാർഷിക വരുമാന പരിധി 3,00,000/- രൂപയാണ്. |
| (സി) | സാങ്കേതിക പരിജ്ഞാനവും തൊഴിൽ പരിചയവുമുള്ള സംരംഭകരെ വിജയകരമായ സംരംഭങ്ങളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുന്നതിന് കോർപ്പറേഷന് പദ്ധതിയുണ്ടോ; സ്വയം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കാൻ നൽകിവരുന്ന സഹായം അറിയിക്കാമോ; | (സി) | ഉണ്ട്. 5 ലക്ഷം രൂപവരെ പദ്ധതി തുകയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. പട്ടികവിഭാഗത്തിൽപ്പെട്ട സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പയും ഇതിൽ ഉൾപ്പെടുന്നു. |
| (ഡി) | കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന കൃഷിഭൂമി വായ്പ പദ്ധതി ലക്ഷ്യം നിറവേറ്റുന്നതിൽ എത്രമാത്രം വിജയിച്ചെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ഡി) | പദ്ധതിയുടെ ലക്ഷ്യത്തിനായി തന്നെയാണ് ഗുണഭോക്താക്കൾ വായ്പ ഉപയോഗിച്ചിട്ടുള്ളതെന്ന് കോർപ്പറേഷന്റെ ജില്ലാ മാനേജർമാർ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | വിജയത്തെക്കുറിച്ചുള്ള പ്രത്യേക വിലയിരുത്തൽ നടത്തുവാൻ കഴിഞ്ഞിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

<u>കെ.എസ്.ഡി.സി. പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പരമാവധി പദ്ധതിത്തുക (രൂപയിൽ) | പലിശ നിരക്ക് | തിരിച്ചടവ് കാലാവധി | കുടുംബ വാർഷിക വരുമാന പരിധി (രൂപയിൽ) |
|---|---|---|---|---|---|
| 1 | ബെനഫിഷ്യറി ഓറിയന്റഡ് പദ്ധതി | 3,00,000 | 7% | 5 വർഷം | 3,50,000 |
| 2 | പ്രൊഫഷണൽ സർവ്വീസ് പദ്ധതി | 5,00,000 | 8% | 5 വർഷം | 3,50,000 |
| *3 | വാഹന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8% | 5 വർഷം | 3,50,000 |
| * 4 | മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ | 50,00,000 | 5 ലക്ഷം രൂപ വരെ 7%<br>5 ലക്ഷം രൂപ മുതൽ 9% | 5 വർഷം | 3,50,000 |
| 5 | വിദേശ തൊഴിൽ വായ്പാ പദ്ധതി | 50,000 | 6% | 3 വർഷം | 3,50,000 |
| 6 | വിദേശ തൊഴിൽ വായ്പാ പദ്ധതി (പുതിയത്)(പട്ടികജാതി വിഭാഗക്കാർക്ക് മാത്രം) | 2,00,000 | 6% | 3 വർഷം | 3,50,000 |
| *7 | പ്രവാസിപുന:രധിവാസ വായ്പാ പദ്ധതി | 20,00,000 | 5 ലക്ഷം രൂപ വരെ 7%<br>5 ലക്ഷം രൂപ മുതൽ 9% | 5 വർഷം | 3,50,000 |
| 8 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 2,00,000 രൂപ മുതൽ 4,00,000 രൂപ വരെ | 6% | 5 വർഷം (പഠന ശേഷം) | 3,50,000 |
| 9 | വിദേശ വിദ്യാഭ്യാസ വായ്പാ പദ്ധതി (പട്ടികജാതി വിഭാഗ ക്കാർക്ക് മാത്രം) | 10,00,000 | 5 ലക്ഷം രൂപ വരെ 6%<br>5 ലക്ഷം രൂപ മുതൽ 8.5% | 5 വർഷം (പഠന ശേഷം) | 5,00,000 |
| 10 | സ്റ്റാർട്ട് അപ്പ് വായ്പാ പദ്ധതി | 50,00,000 വരെ | 7% | 5 -7 വർഷം വരെ | 3,50,000 |
| 11 | പെട്രോളിയം ഡീലർമാർക്കുള്ള വായ്പ (പട്ടിക ജാതിക്കാർക്കു മാത്രം) | 10,00,000 | 4% | 8 വർഷം | 6,00,000 |
| 12 | വിവാഹ വായ്പാ പദ്ധതി . (രക്ഷിതാവിന് 65 വയസ്സ് കവിയാൻ പാടില്ല) | 2,50,000 | 7% | 5 വർഷം | 3,00,000 |
| 13 | ഭവന വായ്പാ പദ്ധതി | 10,00,000 | 5 ലക്ഷം രൂപ വരെ 7%<br>5 ലക്ഷത്തിന് മുകളിൽ 8%<br>സർക്കാർ ജീവ നക്കാർക്ക് 9% (പൊതുവായി) | 7 വർഷം<br>10 വർഷം<br>7-10 വർഷം വരെ | 6,00,000 |
| 14 | ഭവന പുനരുദ്ധാരണ വായ്പ | 5,00,000 | 7%<br>സർക്കാർ ജീവ നക്കാർക്ക് 8%) | 6 വർഷം | ഇല്ല |
| 15 | സർക്കാർ ജീവന ക്കാർക്കുള്ള കാർ ലോൺ | 7,00,000 | 9% | 5 വർഷം | ഇല്ല |

| | | | | | |
|---|---|---|---|---|---|
| 16 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വ്യക്തിഗത വായ്പ | 2,00,000 | 10% | 5 വർഷം | ഇല്ല |
| 17 | സർക്കാർ ഉദ്യോഗസ്ഥർക്കുള്ള ഇരുചക്ര വാഹന വായ്പാ പദ്ധതി | 1,00,000 | 9% | 5 വർഷം | ഇല്ല |

* കുടുംബ വാർഷിക വരുമാന പരിധി } പദ്ധതി തുക 5 ലക്ഷം രൂപ വരെ - 3,50,000/- രൂപയും. പദ്ധതി തുക 5 ലക്ഷത്തിനു മുകളിൽ 10,00,000/- വരെ - 10,00,000/-രൂപയും. പദ്ധതി തുക 10 ലക്ഷത്തിനു മുകളിൽ -15 ലക്ഷം രൂപയും ആണ്.

## എൻ.എസ്.എഫ്.ഡി.സി. പദ്ധതികൾ (പട്ടികജാതിക്കാർക്ക് മാത്രം)

| | | | | | |
|---|---|---|---|---|---|
| 1 | കൃഷിഭൂമി വായ്പാ പദ്ധതി | 5,00,000 | 6% | 8 വർഷം | 3,00,000 |
| 2 | മൈക്രോ ക്രെഡിറ്റ് ഫിനാൻസ് പദ്ധതി | 60,000 | 5% | 3 വർഷം | 3,00,000 |
| 3 | മഹിളാ സമൃദ്ധി യോജന | 60,000 | 4% | 3 വർഷം | 3,00,000 |
| 4 | വിദ്യാഭ്യാസ വായ്പാ പദ്ധതി | 10,00,000 രൂപ വരെ | 3.5% -4 % | 5 വർഷം (പഠന ശേഷം) | 3,00,000 |
| 5 | ലഘു വ്യവസായ യോജന | 2,00,000/- രൂപ മുതൽ 4,00,000/- രൂപ വരെ | 6% | 5 വർഷം | 3,00,000 |
| 6 | വനിതാ ശാക്തീകരണ പദ്ധതി (കുടുംബശ്രീ ഗ്രൂപ്പുകൾക്കുള്ള പദ്ധതി) | 3,00,000 | 5% | 3 വർഷം | 3,00,000 |

## എൻ.എസ്.ടി.എഫ്.ഡി.സി. പദ്ധതികൾ (പട്ടികവർഗ്ഗക്കാർക്ക് മാത്രം)

| | | | | | |
|---|---|---|---|---|---|
| 1 | ആദിവാസി മഹിളാ സശാക്തീകരൺ യോജന | 2,00,000 | 4% | 5 വർഷം | 3,00,000 |
| 2 | പട്ടികവർഗ്ഗ സംരംഭകർക്കായുള്ള വായ്പാ പദ്ധതി | 1,50,000 മുതൽ 3,00,000 വരെ | 6% | 5 വർഷം | 3,00,000 |
| 3 | ആദിവാസി ശിക്ഷാറിൻ യോജന (വിദ്യാഭ്യാസ വായ്പ) | 5,00,000 | 6% | 5 വർഷം (പഠന ശേഷം) | 3,00,000 |

സെക്ഷൻ ഓഫീസർ